സയ്യിദ് ഹാമിദ് ഹുസൈൻ

# ജമാഅത്തെ ഇസ്‌ലാമി അവിഭക്ത ഇന്ത്യയിൽ

1933 മുതൽ 41 വരെയുള്ള കാലയളവിൽ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി ജമാഅത്തെ ഇസ്‌ലാമിയുടെ രൂപീകരണത്തിന് നാന്ദികുറിക്കുമ്പോൾ അതിന്റെ പശ്ചാത്തലവർത്തികളായി രണ്ട് പ്രേരകശക്തികൾ നിലവിലുണ്ടായിരുന്നു. ഒന്ന് മൗലികവും നിരപേക്ഷവും. മറ്റൊന്ന് അന്നത്തെ സാഹചര്യങ്ങളിൽനിന്ന് പൊടുന്നനവെ ഉരുത്തിരുഞ്ഞുണ്ടായതും. മൗലികവും നിരപേക്ഷവുമായ പ്രേരക ശക്തികളിൽ യഥാർഥത്തിലുള്ളതും പ്രഥമ സ്ഥാനമർഹിക്കുന്നതുമായ ഘടകം ദൈവത്തിന്റെ സംതൃപ്തി കരസ്ഥമാക്കുക എന്നതായിരുന്നു. രണ്ടാമത്തെ ഘടകം ഇസ്‌ലാമും അതിന്റെ പ്രാസ്ഥാനിക സ്വഭാവവും. മുസ്‌ലിംലോകം അശ്രദ്ധമായി അവഗണിച്ചുതള്ളിയ അവരുടെ മതപരമായ ബാധ്യതയായിരുന്നു മൂന്നാമത്തെ ഘടകം.

കാലികവും യാദൃശ്ചികവുമായ പ്രേരക ശക്തികളിൽ ഇന്ത്യൻ മുസ്‌ലിംകളുടെ സവിശേഷ സാഹചര്യങ്ങളും രാജ്യത്തിന്റെ സ്വാതന്ത്ര്യ സമ്പാദനത്തിനുവേണ്ടി രൂപംകൊണ്ട ആവേശഭരിതമായ കോൺഗ്രസ് പ്രസ്ഥാനവും പ്രഥമസ്ഥാനമർഹിക്കുന്നു. അതോടൊപ്പംതന്നെ ലോകത്തെ അതിശീഘ്രം നാശഗർത്തത്തിലേക്ക് തള്ളിക്കൊണ്ട് അന്താരാഷ്ട്ര സമൂഹങ്ങളിൽ പ്രകടമായിക്കൊണ്ടിരിക്കുന്ന ധാർമികവും ചിന്താപരവുമായ കുത്തഴിച്ചിലും ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ബീജാധാനത്തിന് പ്രചോദകമായി വർത്തിക്കുകയുണ്ടായി. ഈ പ്രേരകശക്തികളുടെ ഫലമായി അവസാനം 50 വർഷം മുമ്പ് 1941 ആഗസ്റ്റ് 26-ന് ജമാഅത്തെ ഇസ്‌ലാമി നിലവിൽവന്നു.

### ആദ്യഘട്ടം

ജമാഅത്തെ ഇസ്‌ലാമിയുടെ രൂപീകരണത്തിന് അടിത്തറ പാകുമ്പോൾ അത് പ്രധാന്യപൂർവം പരിഗണിച്ചിരുന്ന കാര്യങ്ങളിൽ പ്രസ്താവ്യമായവ ഇവയാകുന്നു.

1. ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുറസൂലുല്ലാഹ് എന്ന ആദർശത്തിൽ ആത്മാർഥമായി വിശ്വസിക്കുകയും അതിന്റെ താൽപര്യങ്ങളും അനിവാര്യതകളും ഗ്രഹിക്കുകയും അംഗീകരിക്കുകയും തദനുസാരം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയും ചെയ്യുക.

2. ജമാഅത്തിന്റെ ലക്ഷ്യമായ ഹുകൂമത്തെ ഇലാഹിയ്യായിലുള്ള അടിയുറച്ച വിശ്വാസത്തോടെ ഓരോ അംഗവും ജമാഅത്തിൽ നിലയുറപ്പിക്കുക.

3. വ്യക്തി ജീവിതത്തിൽ വിശ്വാസയോഗ്യമായ ധാർമിക നിലവാരം പുലർത്തുന്നവർക്ക് മാത്രം ജമാഅത്തിൽ അംഗത്വം നൽകുക.

4. ജമാഅത്തിന്റെ ആഭ്യന്തരഘടന അത്യന്തം ഭദ്രമായ അടിയാധാരങ്ങളിൽ നിർമിക്കുകയും പാർട്ടിയുടെ ഈ സവിശേഷത നിലനിർത്താൻ പ്രയത്നിക്കുകയും ചെയ്യുക.

5. മത വിജ്ഞാനീയങ്ങളിൽ പാണ്ഡിത്യം നേടിയവരെയും ആധുനിക വിദ്യാഭ്യാസം സിദ്ധിച്ചവരെയും പാർട്ടിയിലേക്ക് കൊണ്ടുവന്ന് അവർക്കിടയിലെ വിടവുകൾ നികത്തുകയും ഇസ്‌ലാമിക വ്യവസ്ഥയുടെ സംസ്ഥാപനത്തിന് ഉഭയ വിഭാഗങ്ങളെ സഹകരിപ്പിക്കുകയും ചെയ്യുക.

6. മുസ്‌ലിംകളിലെ എല്ലാ വിഭാഗങ്ങളെയും ഖുർആന്റെയും സുന്നത്തിന്റെയും ഒരേ ആദർശ ലക്ഷ്യങ്ങളുടെയും അടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് ജമാഅത്തിന്റെ വ്യവസ്ഥക്ക് കീഴിൽ കൊണ്ടുവരികയും അങ്ങനെ എല്ലാ വിഭാഗീയതകളുടെയും നിർമൂലനം സാധിക്കുകയും ചെയ്യുക.

7. പുരുഷന്മാർക്കെന്നപോലെ സ്ത്രീകൾക്കും ജമാഅത്തിന്റെ കവാടം തുറന്നിടുകയും സ്വന്തം വൃത്തത്തിലൊതുങ്ങിനിന്ന് തങ്ങളുടെ മൊത്തം കഴിവുകൾക്കനുസരിച്ച് പ്രബോധനരംഗത്ത് എന്തെല്ലാം ചെയ്യേണ്ടതുണ്ടെന്ന് അവർക്ക് വ്യക്തമാക്കിക്കൊടുക്കുകയും ചെയ്യുക.

8. ജമാഅത്തുമായി ബന്ധപ്പെടുന്ന എല്ലാ സ്ത്രീ-പുരുഷന്മാരുടെയും ചിന്താപരവും കർമപരവും സദാചാരപരവും സാമൂഹ്യപരവും പ്രബോധനപരവുമായ ശിക്ഷണങ്ങൾക്ക് പ്രാധ്യാന്യം നൽകുക.

9. സത്യപ്രതിജ്ഞക്കുശേഷം അംഗങ്ങളുടെ ജീവിതത്തിലുണ്ടാക്കിത്തീർക്കേണ്ട പരിവർത്തനങ്ങളെ സംബന്ധിച്ച് ശ്രദ്ധിക്കുകയും തദ്സംബന്ധമായി അവസരോചിതം അവർക്ക് നിർദേശങ്ങൾ നൽകുകയും ചെയ്യുക.

10. ജമാഅത്തിന് രൂപീകരണം നൽകിക്കഴിഞ്ഞ ഉടനെ ആവിഷ്കരിച്ച കർമ്മപരിപാടികൾ നടപ്പിലാക്കുക.

രൂപീകരണകാലം മുതൽ ഇന്ത്യാവിഭജനം വരെയുള്ള പ്രബോധനഘട്ടത്തിൽ ജമാഅത്ത് നിർവഹിച്ചിരുന്ന പ്രാഥമികവും അടിസ്ഥാനപരവുമായ കാര്യങ്ങളായിരുന്നു ഇത്. ജമാഅത്തിന്റെ ചരിത്രത്തിലെ പ്രഥമവും എന്നാൽ സുപ്രധാനവുമായ ഘട്ടവും ഇതുതന്നെയായിരുന്നു. ഭദ്രമായ ഈ ഘട്ടം ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ തുടർന്നുള്ള ഘട്ടങ്ങൾക്കെല്ലാം അടിയാധാരമായി വർത്തിക്കുകയുണ്ടായി. ഈ ഘട്ടത്തിൽ ജമാഅത്ത് വ്യവസ്ഥയിൽ വനിതകൾക്കുള്ള സ്ഥാനം നിർണയിക്കുകയുണ്ടായി. അവരുടെ മേൽ ചുമത്തിയ ബാധ്യതകൾ ഇവയാകുന്നു:

* തങ്ങളുടെ കുടുംബത്തിലും പരിചിത വൃത്തത്തിലും ജമാഅത്തിന്റെ സന്ദേശം എത്തിക്കുക.

* സന്താനങ്ങളുടെ ഹൃദയത്തിൽ വിശ്വാസത്തിന്റെ വെളിച്ചം പകരാൻ ശ്രമിക്കുക.

* സ്വന്തം ഭർത്താവോ പിതാവോ സഹോദരനോ പാർട്ടിയുമായി ബന്ധപ്പെട്ടവരാണെങ്കിൽ ക്ഷമാപൂർവമായ സഹവർത്തനത്തിലൂടെ അവർക്ക് ധൈര്യവും പ്രചോദനവും നൽകുക. ജമാഅത്തിന്റെ ലക്ഷ്യത്തിനുവേണ്ടി കഴിയുന്ന സേവനങ്ങൾ അർപ്പിക്കുക. വിപദ്ഘട്ടങ്ങളിൽ ക്ഷമയോടും സ്ഥൈര്യത്തോടും പ്രവർത്തിക്കുക.

* ഇനി തങ്ങളുടെ ഭർത്താക്കന്മാരോ രക്ഷിതാക്കളോ അനിസ്‌ലാമികത്വത്തിൽ ബന്ധിതരാണെങ്കിൽ, അനനുവദനീയമായ മാർഗത്തിൽ സമ്പാദിക്കുന്നവരോ ദൈവികശാസനകൾ വിലവെക്കാത്തവരോ ആണെങ്കിൽ ക്ഷമാപൂർവം അവരുടെ സംസ്കരണത്തിൽ വ്യപൃതരാവുക. അവരുടെ അനനുവദനീയമായ സമ്പാദ്യങ്ങളിൽനിന്നും സത്യമാർഗത്തിൽനിന്നുള്ള വ്യതിചലനപ്രവണതകളിൽനിന്നും വിട്ടുനിൽക്കാൻ ശ്രമിക്കുക.

അടിസ്ഥാനപരമായിത്തന്നെ ഈ ഘട്ടം പ്രബോധന പ്രചാരണങ്ങളുടെയും വ്യവസ്ഥീകരണത്തിന്റെയും ഘട്ടമായിരുന്നു. അതിനാൽ ഈ ലക്ഷ്യത്തിനുവേണ്ടി സമാജത്തിലെ ഉത്തമ ഘടകങ്ങളെ ഒരേ വ്യവസ്ഥക്കു കീഴിൽ സംഘടിപ്പിക്കാൻ വർഷങ്ങളോളം വളരെ മന്ദഗതിയിൽ അങ്ങേയറ്റം ക്ഷമയോടെ നിശ്ശബ്ദമായി ജമാഅത്ത് പ്രവർത്തിച്ചുപോന്നു. ജമാഅത്തിന്റെ സാഹിത്യങ്ങൾ രാജ്യത്തിലെ എണ്ണമറ്റ ആൾക്കാരുടെ കൈകളിലെത്തിച്ചേർന്നു. അവരിൽ ലക്ഷക്കണക്കിനാളു

കൾ പ്രസ്തുത സാഹിത്യങ്ങളിൽ ഇസ്‌ലാമിന്റെ ശരിയായ വക്താവിനെ കണ്ടെത്തി. ആയിരക്കണക്കിനാളുകളെ അവ സ്വാധീനിച്ചു. യഥാർഥത്തിൽ ചെയ്യേണ്ട പ്രവർത്തനം ഇതുതന്നെയാണെന്ന് ഗണ്യമായ ഒരു വിഭാഗം ജനങ്ങളുടെ ഹൃദയം സാക്ഷ്യംവഹിച്ചു. പക്ഷേ, പ്രസ്തുതവിഭാഗം മുഴുവൻ ഒരേയവസരത്തിൽ ജമാഅത്തിൽ ചേർന്നില്ല. അംഗത്വഫോറത്തിൽ ഒപ്പുവെക്കുക; അതോടെ പാർട്ടിയിൽ അംഗമായിത്തീരുക- ഇതായിരുന്നില്ല ജമാഅത്തിന്റെ സമ്പ്രദായം. മറിച്ച്, തുഛം തുഛം ആളുകൾ ജീവിതവും മരണവും ലോകരക്ഷിതാവിനുവേണ്ടി അർപ്പിക്കാൻ തീരുമാനിച്ചുകൊണ്ട് പല അവസരങ്ങളിലായി മുന്നോട്ടുവന്നുകൊണ്ടേയിരുന്നു. വാക്കുകളിലൂടെ പ്രകടിതമായിക്കൊണ്ടിരിക്കുന്ന ഈ തീരുമാനത്തിന് അവരുടെ കർമജീവിതം യഥാർഥത്തിൽ സാക്ഷ്യം വഹിക്കുന്നുണ്ടോ എന്ന് വളരെ സൂക്ഷ്മമായി പരിശോധിക്കപ്പെട്ടു. പിന്നീട് പൂർണ സംതൃപ്തിയോടെ അവർക്ക് ജമാഅത്തിൽ പ്രവേശനം നൽകിയ ശേഷവും അവരുടെ ചര്യകളും വ്യവഹാരങ്ങളും ദൈവിക ദീനിന്റെ ഉന്നതിക്കുവേണ്ടിയുള്ള അവരുടെ പ്രവർത്തനങ്ങളും സത്യപ്രബോധന കൃത്യത്തിന്റെ താൽപര്യങ്ങൾക്ക് അനുഗുണമായ നിലവാരത്തിലുള്ളതാണോ എന്ന് നിരന്തരമായി വീക്ഷിച്ചുപോന്നു. അനിവാര്യമായ ഈ നിലവാരത്തിൽനിന്ന് താഴുമ്പോഴെല്ലാം അവരെ പൂർവ നിലവാരത്തിലേക്കുയർത്താൻ ജമാഅത്തിന്റെ മുഴുവൻ ഘടനയും ശ്രമിച്ചു. അങ്ങനെ ഉയരാൻ സാധിക്കാത്തവരെ, അവർ എത്ര ഉന്നതന്മാരാവട്ടെ, ജമാഅത്തിൽനിന്ന് വേർപെടുത്താൻ ഒട്ടും അമാന്തിച്ചുമില്ല.

ഇപ്രകാരം ജമാഅത്തിന്റെ രൂപീകരണകാലം മുതൽ ഇന്ത്യാവിഭജനം വരെയുള്ള ആറു വർഷത്തെ കാലയളവിനുള്ളിൽ പത്തു കോടി മുസ്‌ലിംകളിൽനിന്ന് ജമാഅത്തിൽ അംഗങ്ങളായി ചേർന്നവർ കേവലം 625 പേർ മാത്രമായിരുന്നു. ജമാഅത്തംഗങ്ങളുടെ ശിക്ഷണപരിശീലനത്തിനുവേണ്ടി അതിന്റെ പ്രകൃതിപരമായ അടിസ്ഥാന തത്വങ്ങളും മാർഗങ്ങളും സ്വീകരിച്ച ഘട്ടം കൂടിയായിരുന്നു ഇത്. മക്കയിലെ ആദ്യകാല മുസ്‌ലിംകളെപ്പോലെ തങ്ങളുടെ വീടും ഗ്രാമത്തിലെ അങ്ങാടികളുമായിരുന്നു ഇവരുടെയും ശ ശിക്ഷണഗേഹങ്ങൾ. അവരെ പുനർനിർമിക്കാനും സ്ഫുടീകരിക്കാനും ജീവിതത്തിന്റെ പരീക്ഷണങ്ങൾതന്നെ പര്യാപ്തമായിരുന്നു. ആദ്യകാല മുസ്‌ലിംകളെപ്പോലെ ജമാഅത്തംഗങ്ങൾക്കും എല്ലാ ഇടങ്ങളിൽനിന്നും സംഘട്ടനങ്ങളെ നേരിടേണ്ടിവന്നു. സ്വന്തം മനസ്സിനെത്തന്നെയായിരുന്നു ആദ്യമവർക്ക് അഭിമുഖീകരിക്കേണ്ടി വന്നത്. പിന്നീട് കുടുംബാംഗങ്ങൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ മുതൽ സമൂഹം വരെ അവർക്കെതിരിൽ പടനീക്കം ആരംഭിച്ചു. ചുരുക്കത്തിൽ, തങ്ങളുടെ പ്രബോധനകൃത്യം നിർവഹിക്കേണ്ട ചുറ്റുപാടുതന്നെ അവരുടെ ശിക്ഷണഗേഹമായി രൂപാന്തരപ്പെട്ടു. ആ ശിക്ഷണഗേഹം അവരുടെ ഹൃദയത്തിൽ ലക്ഷ്യസാഫല്യത്തിന്റെ മാർഗത്തിൽ നഷ്ടങ്ങൾ സഹിക്കാനും വിപത്തുകളെ നേരിടാനും വിഷമതകൾ തരണം ചെയ്യാനും പിൽക്കാലത്ത് പൂർവോപരി കഠിനങ്ങളായ പരീക്ഷണങ്ങൾ അഭിമുഖീകരിക്കാനുമുള്ള ശക്തി സൃഷ്ടിച്ചു.

1942-43 കാലത്ത് ജമാഅത്തംഗങ്ങളുടെ ശിക്ഷണ പരിശീലനം ലക്ഷ്യംവെച്ച് പഠാൻകോട്ടിലെ ജമാഅത്തു കേന്ദ്രമായ 'ദാറുൽ ഇസ്‌ലാമി'ൽ ഒരു 'തർബിയ്യത്ത ഗാഹ്' (പരിശീലന കേന്ദ്രം) സ്ഥാപിച്ചു. ഈ പരിശീലന കേന്ദ്രത്തിന്റെ സ്വഭാവം കൂടുതലായും വൈജ്ഞാനികവും ചിന്താപരവുമായിരുന്നു. കർമപരമായ സ്വഭാവത്തോടുകൂടിയുള്ള രണ്ടാമത്തെ തർബിയ്യത്ത് ഗാഹ് 47-ൽ പാറ്റ്നയിൽ സ്ഥാപിച്ചു. ബീഹാറിലെ കലാപങ്ങൾക്കുശേഷം അവിടെ റിലീഫ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചതും ചിന്നിച്ചിതറിയ മുസ്‌ലിംകളെ പുനരധിവസിപ്പിച്ചതും ഈ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലായിരുന്നു. ഇതിനെല്ലാം പുറമെ ജമാഅത്തിന്റെ ആഭ്യന്തരഘടന ഭദ്രമാക്കിത്തീർക്കുന്നതിനും ജമാഅത്തംഗങ്ങൾക്കിടയിൽ വിമർശനചൈതന്യം സജീവമാക്കി നിലനിർത്തുന്നതിനും സവിശേഷം ശ്രദ്ധ ചെലുത്തുകയുണ്ടായി.

ചുരുക്കത്തിൽ, ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ അടിത്തറകൾ ഭദ്രമാക്കുന്നതിനും പ്രസ്ഥാനത്തെ ഊർജസ്വലമാക്കുന്നതിനും വേണ്ടി ജമാഅത്ത് ഈ പ്രഥമഘട്ടത്തിൽ രാജ്യനിവാസികളിൽ ചിന്താപരമായൊരു വിപ്ലവത്തിന്റെ സന്ദേശം മുഴക്കി. ഭൗതികത്വത്തിന്റെയും പാരത്രിക നിഷേധത്തിന്റെയും മതരാഹിത്യത്തിന്റെയും അടിസ്ഥാനങ്ങളിൽ നിലനിൽക്കുന്ന ജീവിതവ്യവസ്ഥയുടെ ന്യൂനതകൾ എടുത്തുകാണിച്ച് വിശദീകരിച്ചു. രാജ്യനിവാസികളെ പൊതുവിലും മുസ്‌ലിംകളെ പ്രത്യേകിച്ചും ദൈവത്തെ അനുസരിക്കാനും അവന് അടിമപ്പെടാനും ക്ഷണിച്ചു. ദൈവത്തിന്റെ അധീശത്വത്തെയും പാരത്രിക ജീവിതത്തിലെ കർമഫലങ്ങളെയും അടിസ്ഥാനമാക്കിയുള്ള ഒരു ജീവിതവ്യവസ്ഥയുടെ സംസ്ഥാപനത്തിലാണ് തങ്ങളുടെ ഐഹികവും പാരത്രികവുമായ വിജയസൗഭാഗ്യങ്ങൾ നിലകൊള്ളുന്നതെന്ന യാഥാർഥ്യത്തെപ്പറ്റി അവരെ ബോധവാന്മാരാക്കി. ഈ ഉദ്ദേശത്തോടെ സാഹിത്യങ്ങൾ വിതരണം ചെയ്യുകയും പ്രാദേശിക സമ്മേളനങ്ങൾക്കു പുറമെ സ്റ്റേറ്റു സമ്മേളനങ്ങളും അഖിലേന്ത്യാ സമ്മേളനങ്ങളും സംഘടിപ്പിക്കുകയും ചെയ്തു. 43-ൽ ദർഭങ്കയിൽവെച്ച് ഒരു ഉത്തരേന്ത്യൻ സമ്മേളനവും 44-ന്റെ ആരംഭങ്ങളിൽ ദൽഹി പരിസരപ്രദേശങ്ങളുടെ ഒരു സമ്മേളനം ദൽഹിയിൽവെച്ചും ചേരുകയുണ്ടായി. 44-ൽ തന്നെ യു.പിയുടെ ധാരാളം പ്രദേശങ്ങളിൽ നിന്നുള്ള പ്രതിനിധികളുടെ ഒരു സമ്മേളനം അലഹാബാദിലും 45-ൽ ആദ്യത്തെ അഖിലേന്ത്യാ സമ്മേളനം പഠാൻകോട്ടിലെ 'ദാറുൽ ഇസ്‌ലാമി'ലും ചേർന്നു. 46-ൽ രണ്ടാം അഖിലേന്ത്യാ സമ്മേളനം അലഹാബാദിലും അതിനുശേഷം പരിതഃസ്ഥിതികൾ അനുകൂലമല്ലാത്തതിനാൽ വിഭജനത്തിനുമുമ്പ് അഖിലേന്ത്യാ സമ്മേളനങ്ങളൊന്നും നടക്കുകയുണ്ടായില്ല. എങ്കിലും പാറ്റ്ന, മദ്രാസ്, പഠാൻകോട്ട് എന്നിവിടങ്ങളിൽ മേഖലാസമ്മേളനങ്ങൾ ചേരുകയുണ്ടായി. ഈ സമ്മേളനങ്ങളിൽ അന്നത്തെ അമീറായിരുന്ന മൗലാനാ അബുൽ അഅ്‌ലാ മൗദൂദി 'ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഭാവിപ്രവർത്തനങ്ങൾക്കൊരു രൂപരേഖ' എന്ന വിഷയത്തിൽ ഒരു പ്രബന്ധം സമർപ്പിക്കുകയുണ്ടായി. പിൽക്കാലങ്ങളിൽ ജമാഅത്തിന്റെ ഒരു മാർഗദർശക രേഖയായി വർത്തിച്ചു ഇത്.

വിഭജനത്തിനുമുമ്പ് രാജ്യത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കാരണം വളരെയൊന്നും ആളുകൾ നമ്മുടെ ശബ്ദം ശ്രവിക്കാൻ കൂട്ടാക്കിയില്ല. എങ്കിലും ആലോചനാശീലരും ബുദ്ധിജീവികളും കർമകുശലരുമായ കൊള്ളാവുന്ന കുറേ വ്യക്തികൾ പ്രസ്ഥാനത്തിന്റെ ശബ്ദത്തിന് പ്രത്യുത്തരം നൽകി. 46-47 കാലത്ത് ഇന്ത്യാ ഉപഭൂഖണ്ഡമാകെ കലാപങ്ങൾ പടർന്നു പിടിച്ചു. ഈ സന്ദർഭത്തിൽ ജമാഅത്തെ ഇസ്‌ലാമി വർഗീയസംഘടനകളിൽനിന്നും കലാപങ്ങളിൽനിന്നും പൂർണമായി ഒഴിഞ്ഞുനിൽക്കാൻ മാത്രമല്ല മർദിതരെ, അവർ ഹിന്ദുക്കളാവട്ടെ മുസ്‌ലിംകളാവട്ടെ, സഹായിക്കാനും അശരണർക്ക് അഭയം നൽകാനും സ്വന്തം അനുയായികൾക്ക് നിർദേശം നൽകി. എണ്ണത്തിൽ തുഛമാണെങ്കിലും അന്ന് ജമാഅത്തുമായി ബന്ധപ്പെട്ടവർ കലാപങ്ങൾ തടയുന്നതിലും മർദിതരെ സഹായിക്കുന്നതിലും കഴിയുന്ന പരിശ്രമങ്ങൾ ചെയ്യുകയുണ്ടായി. ബീഹാറിലെ വിപുലമായ കലാപത്തെ തുടർന്ന് ജമാഅത്ത് അവിടെ റിലീഫ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചു. വിഭജനാവസരത്തിലും വിഭജനത്തിന്റെ തൊട്ടുടനെയും കിഴക്കൻ പഞ്ചാബിലും പടിഞ്ഞാറൻ പഞ്ചാബിലും കലാപങ്ങൾ നടമാടിയപ്പോൾ മുസ്‌ലിംകളെയും സിക്കുകാരെയും ഹിന്ദുക്കളെയും രക്ഷിക്കാൻ ജമാഅത്ത് നടത്തിയ ശ്രമങ്ങളെയും ജമാഅത്തിന്റെ ആസ്ഥാനമായ പഠാൻകോട്ട് ദാറുൽ ഇസ്‌ലാമിൽ ആയിരക്കണക്കിന് മുസ്‌ലിംകൾക്ക് ജമാഅത്ത് അഭയം നൽകിയ കഥകളുടെയും പഞ്ചാബിൽ മുഴുക്കെ കലാപത്തിന്റെ അഗ്നിജ്വാലകൾ ആളിപ്പടരവെ ജമാഅത്തിലെ ഒരു പിടിയാളുകൾ എല്ലാം ദൈവത്തിൽ അർപ്പിച്ചുകൊണ്ട് അവ പ്രതിരോധിച്ച ഏതാനും സംഭവങ്ങൾ 'റൂദാദ് ജമാഅത്തെ ഇസ്‌ലാമി'യുടെ അഞ്ചാം ഭാഗത്തിൽ വിവരിച്ചുണ്ട്.